

# വികസനത്തിന്റെ സൂക്ഷ്മരാഷ്ട്രീയം ഒരു ഗാന്ധിയൻ സമീപനം

**കേരളത്തിലെ മാധ്യമപ്രവർത്തകർ നിരന്തരം റാഞ്ചിപ്പറക്കുന്ന മേഖലയാണ് അട്ടപ്പാടിയും അഹാഡ്സും. ആഴത്തിലേക്കും ഉയരത്തിലേക്കും നോക്കുന്ന പരുന്തിൻ നോട്ടങ്ങൾക്കുപകരം കോഴിപ്പറക്കലുകളിലേക്കും ഇത്തിരിക്കാഴ്ചകളിലേക്കും ഇവ ഒതുങ്ങിപ്പോവുന്നത് പുതിയ സൂക്ഷ്മരാഷ്ട്രീയത്തിന്റെ സാക്ഷരതയില്ലാത്തതു കൊണ്ടാണോ? ഫീൽഡ് വർക്കോ, അട്ടപ്പാടിക്കാരുടെ പങ്കാളിത്തമോ ഇല്ലാത്ത 'അതീന്ദ്രിയ' പത്രപ്രവർത്തനം എന്തുകൊണ്ടാണ് ഗൗരവമുള്ള അഹാഡ്സ് വിമർശനം മുമ്പോട്ടു വയ്ക്കാത്തത്?**

**കെ. രാജൻ** എഴുതുന്നു

### അട്ടപ്പാടിയിലെ ഭൂമിയും അധികാരവും: ചരിത്രപരമായ വിശകലനം

18-ാം നൂറ്റാണ്ടുതൊട്ട്, സാമൂതിരി രാജാവിന്റെ കീഴിൽ മണ്ണാർക്കാട് മൂപ്പിൽ നായർ, പാലാട്ട് കൃഷ്ണമേനോൻ, ഏറാൾപ്പാട് രാജ എന്നിവരുടെ ജന്മസ്വത്തായി അവർ അട്ടപ്പാടിയെ ഭരിച്ചു പോന്നു. ആദിമ ഗോത്രമായ കുറുവരും 15-ാം നൂറ്റാണ്ടോടെ വന്ന മുഡുഗരും 16-ാം നൂറ്റാണ്ടോടെ വന്ന ഇരുളരും ഇവിടെ സ്വച്ഛന്ദജീവിതം നയിച്ചുപോന്നു.

ആദിവാസികളുടെ സ്വച്ഛന്ദജീവിതതത്തിൽ ആദ്യം ഇടപെട്ടത് ബ്രിട്ടീഷ് കാരായിരുന്നു. 1800 മെയ് 20-ാം തിയതി മലബാർ, ബോംബെ പ്രവിശ്യയിൽ നിന്ന് മാറ്റി മദ്രാസ് പ്രവിശ്യയിൽ ചേർത്തു. 1886 തൊട്ട് വനനിയമങ്ങളുടെ ഭാഗമായി ആദിവാസികളുടെ പുറംകൃഷിയെ നിയന്ത്രിക്കാൻ തുടങ്ങി. 1882 ൽ ഫോറസ്റ്റ് ആക്ട് പ്രകാരം മലബാറിലെ വനങ്ങൾ റിസർവ് വനങ്ങളായി. വള്ളുവനാടി മേഖലയിലെ വനങ്ങൾ ജന്മികളുടെ പക്കലായിരുന്നു. 1900-ൽ ബ്രിട്ടീഷ് സർക്കാർ അട്ടപ്പാടിയുടെ ഒന്നും നാലും ബ്ലോക്കുകൾ റിസർവ് വനങ്ങളായി പ്രഖ്യാപിച്ചു. 5ഉം 6ഉം ബ്ലോക്കുകൾ ജന്മിമാരുടെ കീഴിലായിരുന്നത് ലാൻഡ് റിക്വിസിഷൻ ആക്റ്റുപ്രകാരം സർക്കാർ ഉടമസ്ഥതയിലാക്കി. തടിയായിരുന്നു സർക്കാർ ശേഖരിച്ചിരുന്ന പ്രധാനപ്പെട്ട വിഭവം. കപ്പൽ നിർമ്മാണം, റയിൽവേ സ്ലീപ്പർ. എന്നിവയ്ക്കായി അട്ടപ്പാടി മേഖലയിൽ തേക്കുപ്ലാന്റേഷനുകളും, മറ്റുപ്ലാന്റേഷനുകളും ഉയർന്നു വന്നു. ഈ ഘട്ടത്തിൽ ആദിവാസികളുടെ പുറംകൃഷിക്ക് സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. 1920 – 28 കാലഘട്ടത്തിൽ ലോകമഹായുദ്ധത്തിനു ശേഷം വ്യാപകമായി സർക്കാർ മരങ്ങൾ മുറിച്ചു കടത്തി. 1934ലെ ടി. വി. വെങ്കിടേശ്വ അയ്യരുടെ വർക്കിങ്ങ് പ്ലാൻ പ്രകാരം അട്ടപ്പായിടിയിലെ ചോലവനങ്ങളും ആർദ്ര ഇലപൊഴിയും വനങ്ങളും സെലക്ഷൻ ഫെല്ലിങ്ങിനു വിധേയമായി.[1] 1917ൽ അട്ടപ്പാടിയിലെ കാടുകളിലെ പ്രവർത്തനങ്ങൾക്ക് സർക്കാറിന് ആദിവാസികളെ ആവശ്യമുണ്ടായിരുന്നു. ആദിവാസികളുടെ പുറംകൃഷിക്ക് നിബന്ധനകൾ ഏർപ്പെടുത്തി

യെങ്കിലും അവരിത് പാലിച്ചില്ല. 1927–ൽ ഓരോ ഊരും 3 ബ്ലോക്ക് വനങ്ങളിലായി ഓരോ മൂപ്പനും രണ്ടര ഹെക്ടർ വനം അനുവദിച്ചു. 4 വർഷത്തിന്റെ റൊട്ടേഷൻ ക്രമത്തിലാണ് ഇതനുവദിക്കുന്നത്. 1932 ലെ പാലക്കാട് ഡിവിഷന്റെ 1932 – ലെ ആദ്യത്തെ വർക്കിംഗ് പ്ലാൻ അനുസരിച്ച് 4 വർഷത്തെ റൊട്ടേഷൻ ക്രമം 10 വർഷത്തേയ്ക്കു മാറ്റി. സർക്കാർ കുത്തക (lease) യ്ക്കാണ് വനം കൃഷിവകുപ്പ നുവദിച്ചുപോന്നത്. മൂപ്പനായിരുന്നു അധികമെങ്കിലും ഊരാന്റെ ഉടമസ്ഥതയിലാണ് അവർ ഭൂമി അനുവദിച്ചു പോന്നത്.[2]

## കുടിയേറ്റത്തിന്റെ ചരിത്രം

1930 കളിൽ തന്നെ തുടങ്ങിയ കുടിയേറ്റം പ്രക്രിയയിൽ ആദ്യകാലത്ത് മണ്ണാർക്കാട് മൂപ്പിൽ നായരുടെ ഈ പണി കാര്യസ്ഥരുടെ സഹായത്തോടെ ഭൂമി സ്വന്തമാക്കുന്ന രീതിയായിരുന്നു. എം. ആർ. രശീതിയാണ് ഉടമസ്ഥതയുടെ തെളിവ്. മണ്ണാർക്കാട് മൂപ്പിൽ നായരുടെ കീഴിലായിരുന്നു ഭൂമിയും. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മറ്റു ജന്മിമാർക്ക് പാട്ടത്തിന് കൊടുക്കുകയുണ്ടായി. 6000 ഏക്കർ കല്ലടി കുഞ്ഞിമുഹമ്മദ് സായ്വിന് നൽകുകയുണ്ടായി. 1941 – 51 കാലത്ത് മലബാറിലേക്ക് തെക്കുനിന്നും ക്യസ്ത്യൻ കുടിയേറ്റക്കാർ കൂട്ടമായി വന്നു. അവർ കാഞ്ഞിരപ്പുഴ, ഇരുമ്പകച്ചോല ഭാഗങ്ങളിൽ വ്യാപിച്ചു. കുറെ പേർ അട്ടപ്പാടിയിലേയ്ക്കും വന്നു.[3] ബ്രിട്ടീഷ് ഭരണകാലത്ത് വള്ളുവനാട് താലൂക്കിന്റെ ഭാഗമായിരുന്ന അട്ടപ്പാടി 1956 ൽ കേരള സംസ്ഥാന രൂപീകരണത്തോടെ പാലക്കാട് മണ്ണാർക്കാട് താലൂക്കിന്റെ ഭാഗമായി.

## ആദിവാസി വികസന മാതൃകയുടെ പ്രതിനിധാന ഘട്ടം

ഇന്ത്യയിലെ ആദിവാസി വികസന മാതൃക നെഹ്റു സർക്കാർ രൂപപ്പെടുത്തുന്നത് ആദിവാസി നരവംശശാസ്ത്രജ്ഞനായ പെരിയാർ എൽവിന്റെ മുൻകയ്യിലാണ്. സംസ്ക്കാര തനിമ നിലനിർത്തി ആദിവാസികളെ മുഖ്യധാരയിൽ ലയിപ്പിക്കുക എന്ന നയത്തിൽ ആദിവാസികളെ നാഗരീകരിക്കാനുള്ള ദൗത്യം (civilizing mission) സർക്കാർ ഏറ്റെടുത്തു. യൂറോപ്യേതര സമൂഹങ്ങളെ നാഗരികതയിലേയ്ക്കും ആധുനികതയിലേയ്ക്കും നയിക്കാനുള്ള വെള്ളക്കാരന്റെ ചുമതല ഇന്ത്യയിലെ ഹൈബ്രീഡ് സായ്പന്മാർ ഏറ്റെടുത്തു. യൂറോ കേന്ദ്രിതമായ ലോകവീക്ഷണത്തിന്റെ ഈ മിമിക്രിയ്ക്ക് ആദിവാസികളെ സ്വയം പ്രതിനിധാനം ചെയ്യാനും സ്വയം ഭരിക്കാനും ശേഷിയുള്ളവരായി പരിഗണിക്കാനായില്ല. അവർ വിഷയി (subjects)കളായല്ല, വസ്തുക്കളായാണ് (object) പരിഗണിക്കപ്പെട്ടത്

1956 – ൽ മലബാർ ജില്ല രൂപം കൊണ്ടതോടെ മണ്ണാർക്കാട് കമ്മ്യൂണിറ്റി ഡവലപ്മെന്റ് ബ്ലോക്കിന്റെ ഭാഗമായി അട്ടപ്പാടി മാറി. 1975 ൽ അട്ടപ്പാടി സംയോജിത ഗോത്രവികസന പദ്ധതി (ITDP) യുടെ ഭാഗമായി. രാഷ്ട്രീയക്കാരും കോൺട്രാക്ടർമാരും ഉദ്യോഗസ്ഥരുമാണ് ആദിവാസി ക്ഷേമത്തെ പ്രതിനിധാനം ചെയ്തു പ്രവർത്തിക്കേണ്ടവർ. ആദിവാസികളും മറ്റു സാമൂഹ്യ വിഭാഗങ്ങളും രാഷ്ട്രീയ സ്വീകർത്താക്കളും ഗുണഭോക്താക്കളും മാത്രം. ആസൂത്രണവും നിർവഗണവുമെല്ലാം മീതെ നിന്ന് താഴേക്ക്, എന്ന ക്രമത്തിൽ. ആദിവാസി ഭൂമിയുടെ അന്യാധീനപ്പെടൽ, ഭൂമിയുടെ തരിശുവത്ക്കരണം, വനനശീകരണം, എന്നിവ ഈ കാലത്ത് വളരെയധികം പെരുകി. ആദിവാസി വിഭാഗത്തിന്റെ എല്ലാ സാമൂഹ്യ ചലനാത്മകതയും നഷ്ടപ്പെട്ട കാലമായിരുന്നു ഇത്.

## വികസനത്തിന്റെ രാഷ്ട്രീയം

വികസനം, പുരോഗതി എന്നിവ നിഷ്ക്കളങ്ക പദങ്ങളല്ല. രാഷ്ട്രീയാർത്ഥമുള്ള പദങ്ങളാണിവ. രണ്ടാംലോകമഹായുദ്ധത്തിനൊടുവിൽ ലോകവ്യവസ്ഥയുടെ കേന്ദ്രമായ അമേരിക്കയുടെ പ്രസിഡണ്ട് ഹാരിട്രൂമാൻ 1949 – ജനുവരി 20ന് നടത്തിയ പ്രഖ്യാപനത്തോടെയാണ് വികസനം എന്ന വാക്ക് വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയതെങ്കിലും യൂറോപ്യൻ അധിനിവേശത്തിന്റെ സാംസ്കാരിക ചിഹ്നമായി ഈ വാക്ക് നേരത്തേ ഉപയോഗിച്ചു പോന്നു. വികസിത, അവികസിത, വികസ്വര രാജ്യങ്ങൾ എന്ന പ്രയോഗം ഈ ആഗോളമാനദണ്ഡത്തിൽ നിന്നുയർന്നു വന്നതാണ്. ഗ്രാമം നഗരവും വിശ്വാസം യുക്തിയും കൃഷി വ്യവസായവും മറ്റുഭൂഖണ്ഡങ്ങൾ യൂറോപ്പ് ആയി മാറുന്ന പരിണാമത്തെയാണ് പുരോഗതി, വികസനം എന്നിവ വിളിച്ചു പോകുന്നത്. നാട്ടറിവുകളും നാടൻ സാങ്കേതിക വിദ്യകളും യൂറോ കേന്ദ്രിത ശാസ്ത്ര – സാങ്കേതിക വിദ്യകളിലേയ്ക്കും നാടൻ കാലാഖ്യനങ്ങൾ ചരിത്ര കാലത്തിലേയ്ക്കും മാറുന്ന ഈ പരിണാമ സിദ്ധാന്തം യൂറോപ്യേതര സമൂഹങ്ങളെ അവികസിതരും അന്ധവിശ്വാസികളും അജ്ഞാനികളും അപരിഷ്കൃതരും അവിശ്വാസികളുമായി ചാപ്പ കുത്തി. യൂറോപ്യൻ അധിനിവേശത്തിന്റെ ഈ യുക്തിയുടെ അളവുകോൽ തന്നെയാണ് കുടിയേറ്റക്കാരുടെ ആഭ്യന്തര കൊളോണിയലിസത്തിന്റെ യുക്തിയായി മാറിയത്. നെഹ്റുവിയൻ ക്ഷേമരാഷ്ട്രത്തിന്റെ വികസനനയം കൊളോണിയൽ കാഴ്ചപ്പാടിന്റെ മിമിക്രിയായിരുന്നു. കേരളത്തിൽ ഈ വികസനാധുനികത രൂപപ്പെടുന്നത് തിരുവിതാംകൂറിലെ മിഷനറി ആധുനികതയുടെ വരവോടു കൂടിയാണ്. മിഷനറിമാരിലൂടെയാണ് തിരുവിതാംകൂറിൽ മലബാറിനേതിനേക്കാൾ വേഗത്തിൽ ഈ വികസനാധുനികത വ്യാപിച്ചത്. പ്രകൃതിയെ വികസനത്തിനും ക്ഷേമത്തിനും വേണ്ടി ഉപയോഗിക്കേണ്ട അസംസ്കൃത വിഭവമായി പരിഗണിക്കുന്ന ഈ വ്യവഹാരത്തിൽ തദ്ദേശീയർ ഒരേ സമയം വേട്ടക്കാരും ഇരകളുമായി. അധ്വാനം ആരാധനയാണ്, എന്നു പ്രഖ്യാപിക്കുന്ന ഈ വികസന മതത്തിന്റെ പ്രമാണങ്ങളായി ഉത്സാഹശീലം, മത്സരം, സമ്പാദ്യശീലം, സ്വാർത്ഥത, കൗശലം എന്നിവ മാറി.[4]

*(തുടരും)*

1. Human ecology & Socio - Economic dimensions of Tribal communities of Attappadi, S. Sankar, P. K. Muraleedharan, KFRI 1991.
2. Ibid
3. Land Settlement & Degration - Sanathanan Veluva, Serial Publications
4. a) Devolopmentalism in Kerala - Dr. Raju S, Niravu, 2002 August
   b) Devolopmental modernity : Man & Nature in the discourses of wealth & Labour. Dr. Raju. S. Volume 2. NO. 1, January - March, Contemperory India.